ഖുത്ബ
**18.03.2005**
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)യുടെ ദാനധർമം.

**ഭൗ**തികനായ ഒരു മനുഷ്യൻ പൊതുവെ ധനം ആഗ്രഹിക്കുന്നു. ഭൗതികരായ ജനങ്ങളുടെ ഇടയിൽ സ്വന്തം ഒരു സ്ഥാനം ഉണ്ടാക്കിയെടുക്കുന്നതിനും തന്റെ പണംകൊണ്ട് മറ്റുള്ളവരെ പ്രിയപ്പെട്ടവരാക്കുന്നതിനും തന്റെ സുഖത്തിനും ആനന്ദത്തിനുമുള്ള സാധനസാമഗ്രികൾ സംഘടിപ്പിക്കുന്നതിനും തന്റെ സുഖപ്രദമായ താമസത്തിനും സുഖപ്രദമായ വാഹനത്തിനും ഏർപ്പാടുചെയ്യുന്നതിനും തന്റെ ഭാര്യാമക്കൾക്കുവേണ്ടി സമ്പത്തിന്റെ കൂമ്പാരം വിട്ടുംവെച്ചുപോകുന്നതിനും - അവരും സുഖസമൃദ്ധിയോടുകൂടി ജീവിക്കാൻ - വേണ്ടി മനുഷ്യൻ പരിശ്രമിക്കാറുണ്ട്. തന്റെ മരണശേഷം ഇന്നയാൾ തന്റെ സ്വത്തെല്ലാം ഉപേക്ഷിച്ച് മരിച്ചുപോയെന്നും അയാളുടെ മക്കൾ ഇന്ന് അയാളുടെ പണം കൊണ്ടാണ് കളിക്കുന്നതെന്നും ജനങ്ങൾ പറയണമെന്ന ഒരാഗ്രഹം അതിലും ഒളിഞ്ഞിരിപ്പുണ്ട്.

ലോകത്തിന്റെ നൂലാമാലകളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യന്റെ ബാഹ്യമായ കാര്യങ്ങൾ ഇതൊക്കെയാണ്. ഇതെല്ലാവർക്കും കാണാൻ കഴിയുന്നതുമാണ്. എന്നാൽ, വേറെ ചിലരുണ്ട്. അവരുടെ ചിന്തയിൽ അവർ മനുഷ്യകുലത്തോട് സഹതാപമുള്ളവരും അനുകമ്പയുള്ളവരുമാണ്. അവർ മാനുഷികമായ ആവശ്യങ്ങൾ തങ്ങൾ നിറവേറ്റുന്നുവെന്ന് മുദ്രാവാക്യം വിളിക്കുന്നവരാണ്. എന്നാൽ, അവരുടെ കർമ്മവും സുഖാഡംബരങ്ങളിൽ ലയിച്ചു കഴിയുന്നവരെപ്പോലെതന്നെയാണ്. അതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. ബാഹ്യമായ പ്രഖ്യാപനവും വാദവും മാത്രമാണത്. ഒരിക്കലും തങ്ങൾക്ക് ഗുണമുള്ളതൊന്നും ത്യാഗം ചെയ്യുന്നവരായി അവരിൽനിന്നാരെയും കാണുകയില്ല.

പക്ഷെ, പണം ലഭിക്കുമ്പോൾ അത് ചെലവഴിക്കേണ്ട രീതികളെ സംബന്ധിച്ച് നബി(സ) തന്റെ ഉമ്മത്തിനുവേണ്ടി സ്ഥാപിച്ച ഉൾകൃഷ്ട മാതൃകയുടെ ഉദാഹരണങ്ങൾ അവിടത്തെ ജീവിതത്തിന്റെ മാത്രം ഭാഗമാണ്. ചിലപ്പോൾ മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി ജനങ്ങൾ സഹതാപം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി ചിലയാളുകൾ സ്വന്തമായി ഔദാര്യത്തിന്റെ പ്രകടനവും നടത്താറുണ്ട്. ജനങ്ങൾക്കുവേണ്ടി അവർ ചെലവഴിക്കുകയും ചെയ്യും. പക്ഷെ, ഇതൊരു താല്ക്കാലികമായ ആവേശമാണ്. എന്നാൽ, കേവലം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും വേണ്ടിയുള്ള ദാനധർമത്തിന്റെ കാഴ്ചകൾ നബി(സ)യുടെ ജീവിതത്തിൽ മാത്രമെ നമുക്കു കാണാനൊക്കുകയുള്ളു. ഈ നില അതിനുമുമ്പേ ഒരിക്കലുമുണ്ടായിട്ടില്ല. ഇനിയൊട്ടുണ്ടാവുകയുമില്ല. എന്തായാലും തന്റെ ഉമ്മത്തിനുവേണ്ടി നബി(സ) സ്ഥാപിച്ച ഉൾകൃഷ്ടമായ ഒരു മാതൃകയാണിത്. ജനങ്ങൾ ഏകനായ ദൈവത്തെ തിരിച്ചറിയണമെന്നും ആത്മീയതയിൽ അഭിവൃദ്ധിപ്പെടണമെന്നുമുള്ള ഒരേയൊരു ചിന്തയായിരുന്നു നബി(സ)ന് രാവും പകലുമുണ്ടായിരുന്നത്. സ്വന്തം സുഖസൗകര്യങ്ങളെക്കുറിച്ച് ചിന്തയേ ഉണ്ടായിരുന്നില്ല. പ്രത്യുത ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിച്ച് കൊടുക്കണമെന്ന ഒരേയൊരു ചിന്ത. ഭാര്യാമക്കളേക്കുറിച്ചു പോലും ഒരു ചിന്തയുമില്ല. എന്നല്ല, അവർക്ക് നല്കിയ ഉപദേശം മറ്റുള്ളവർക്കുവേണ്ടി കൈയ്യും മനസ്സും തുറന്നുവെയ്ക്കുക എന്നതായിരുന്നു. ധനം ശേഖരിക്കുന്നതിനും സ്വത്തുസ്വരുക്കൂട്ടുന്നതിനും സ്വന്തം സുഖസൗകര്യങ്ങൾക്കുംവേണ്ടി ശക്തിചെലുത്തുന്നതിനുപകരം അല്ലാഹുവിലേക്ക് കുനിയാൻ കൂടുതൽ ശക്തിച്ചെലുത്താൻ അവരെ ഉപദേശിച്ചു. ഇതാണ് പരലോക ജീവിതത്തിൽ നിങ്ങൾക്ക് ഗുണം ചെയ്യുക എന്നവരോട് പറഞ്ഞു. ഞാൻ പറഞ്ഞതുപോലെ, ഈ ദാനധർമവും ജനങ്ങൾക്കുവേണ്ടിയുള്ള ചെലവഴിക്കലും, ത്യാഗം ചെയ്തുള്ള ചെലവഴിക്കലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും അല്ലാഹുവിന്റെ സൃഷ്ടികളോട് അനുകമ്പ കാണിക്കുന്നതിനും അല്ലാഹുവിന്റെ നിറം സ്വാംശീകരിക്കുന്നതിനുംവേണ്ടിയാണ് അവിടന്ന് ചെയ്തിരുന്നത്. അല്ലാഹുവിന്റെ സകല സവിശേഷ ഗുണങ്ങളുടെയും ഉന്നതമായ നിലവാരം ആരിലെങ്കിലുമുണ്ടെങ്കിൽ അത് നബി(സ)യിൽ മാത്രമെ കാണുകയുള്ളു.

അല്ലാഹുവിന്റെ സത്തയ്ക്ക് ശേഷം ഈ ദാനധർമത്തിന്റെ മാതൃക ആരിലെങ്കിലും കാണുന്നുണ്ടെങ്കിൽ അതും സമ്പൂർണ മനുഷ്യനായ നബി (സ) തിരുമേനിയിൽ മാത്രമാണ്. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ ഏറ്റവും വലിയ പ്രതീകം താൻ തന്നെയാണെന്ന് നബി(സ)യ്ക്ക് അറിയാമായിരുന്നു. ദാനധർമമെന്ന ഈ ഗുണവും മഹത്തായ ഒരു ധാർമികഗുണമാണ്. നബി(സ) പറഞ്ഞു: "ദാനശീലരിൽ വച്ച് ഏറ്റവും വലിയ ദാനശീലൻ അല്ലാഹുവാണ്. പിന്നീട്, മനുഷ്യരിൽ വച്ച് ഏറ്റവും വലിയ ദാനശീലൻ ഞാനാണ്." ഇതു കേവലമൊരു വാദമല്ല. ഇതു സംബന്ധമായി ചില മാതൃകകളും ഉദാഹരണങ്ങളും ഞാൻ പറയുന്നതാണ്. അതിൽ നിന്ന് നബി(സ)യെക്കാൾ വലിയ ദാനശീലൻ ലോകത്ത് ആരുമില്ലെന്ന് തെളിയുന്നതാണ്. അല്ലാഹു തനിക്ക് ഈ സ്വത്തുക്കൾ നല്കിയിരിക്കുന്നുവെന്നും അത് തന്റെ സുഖ

ത്തിനും ആനന്ദത്തിനുംവേണ്ടി എടുത്തുവെക്കണമെന്ന ചിന്ത ഒരിക്കലും നബി(സ)യ്ക്കുണ്ടായിട്ടില്ല. ഇതിനു വിപരീതമായി അവിടത്തെ ജീവിതത്തിൽ അല്ലാഹു ഒരുപാട് അവസരങ്ങൾ സൃഷ്ടിച്ചു. ധനത്തിന്റെ കൂമ്പാരം തന്നെ നബിയുടെ പക്കൽ വന്നു ചേർന്നു. പക്ഷെ, അവിടന്ന് ഒരിക്കലും കണ്ണുയർത്തി അതിലേക്ക് നോക്കിയില്ല. ക്ഷണത്തിൽ അത് ജനങ്ങൾക്ക് വിതരണം ചെയ്യണമെന്ന ചിന്തയായിരുന്നു. അവിടന്ന് പറയുന്നു. **ഇന്നമാ അന ഖാസിമുൻ വ യുഅ്തില്ലാഹ്**. ഞാൻ വെറും വിതരണക്കാരനാണ്. അല്ലാഹു തരുന്നു ഞാൻ വിതരണം ചെയ്യുന്നു. ഈ വിതരണം ചെയ്യുന്ന കാഴ്ചകളുടെ വിവരണം വിവിധ നിവേദനങ്ങളിൽ വന്നിട്ടുണ്ട്. സ്വഹാബത്ത് അവരവരുടേതായ രീതിയിൽ നബി(സ) തിരുമേനിയുടെ ദാനധർമത്തിന്റെ സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. പക്ഷെ, ഈ നിവേദനങ്ങൾ വായിക്കുമ്പോൾ നമുക്കു മനസ്സിലാക്കാൻ കഴിയും സ്വഹാബത്ത് അതിനെക്കാളേറെ പറയാനാഗ്രഹിച്ചിരുന്നുവെന്ന്. എന്നാൽ, അവർക്ക് അതിന് വാക്കുകൾ കിട്ടിയില്ല.

ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. **കാന റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹി വ സല്ലം അഹ്സനന്നാസി വ അശ്ജഅന്നാസി വ അജ്‌വദന്നാസി**. നബി(സ) സകലമനുഷ്യരിലുവെച്ച് സൗന്ദര്യവാനും ഏറ്റവും വലിയ ധൈര്യവാനും എല്ലാ മനുഷ്യരിലുംവച്ച് ഏറ്റവുമധികം ദാനധർമം ചെയ്യുന്നയാളുമായിരുന്നു.

ഹസ്റത്ത് ഇബ്നു ഉമർ (റ) പറയുന്നു: നബി(സ) യെക്കാൾ വലിയ ധീരനെയും മാന്യനെയും ദാനശീലനെയും ആത്മീയപ്രഭയുള്ള ആളെയും ഞാൻ കണ്ടിട്ടില്ല.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) എല്ലാവരെക്കാളും കൂടുതൽ ദാനശീലനായിരുന്നു. അവിടത്തെ ദാനം കൊടുക്കൽ റമളാൻ മാസത്തിൽ അതിന്റെ പാരമ്യതയിൽ എത്താറുണ്ടായിരുന്നു. ജിബ്രീൽ, നബി(സ)യുമായി കൂടിക്കാഴ്ച നടത്തുന്ന നേരത്ത് അവിടത്തെ ദാനധർമത്തിന്റെ ശക്തി, ശക്തമായ കാറ്റിനെക്കാൾ വർധിക്കാറുണ്ടായിരുന്നു.

സാധാരണ നിലയിലുള്ള അവിടത്തെ ദാനധർമത്തോട് പോലും കിടപിടിക്കാൻ ആർക്കും സാധിക്കുമായിരുന്നില്ല. ഇതു സംബന്ധമായി ചില നിവേദനങ്ങൾ ഞാൻ തുടർന്നു പറയുന്നതാണ്. റമളാൻ മാസത്തിൽ ദാനം കൊടുക്കലിന്റെ നിറം തന്നെ വേറൊന്നാകുമായിരുന്നുവെന്ന് സ്വഹാബത്ത് പറയുന്നു. ആരെങ്കിലും ചോദിച്ചിട്ട് കൊടുക്കാതിരുന്ന ഒരവസരവുമുണ്ടായിട്ടില്ല.

ജാബിർ ബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി(സ)യോട് എന്തെങ്കിലും ചോദിച്ചാൽ **ഇല്ലാ**യെന്ന് അവിടന്ന് മറുപടി പറയാറില്ല. ഉണ്ടെങ്കിൽ കൊടുക്കും. ഇല്ലെങ്കിൽ മൗനം പാലിക്കുകയോ അവർക്കുവേണ്ടി ദുആ ചെയ്യുകയോ ചെയ്യുമായിരുന്നു.

ഹസ്റത്ത് അബൂസഈദ് ഖുദ്‌രി (റ) നിവേദനം ചെയ്യുന്നു. ചില അൻസാറുകൾ നബി(സ)യോട് സഹായം ചോദിച്ചു. നബി(സ) അവർക്ക് നല്കി. അവർ വീണ്ടും ചോദിച്ചു. നബി(സ) വീണ്ടും കൊടുത്തു. അവർ പിന്നെയും ചോദിച്ചു. നബി(സ) പിന്നെയും കൊടുത്തു. അങ്ങനെ നബി(സ)യുടെ പക്കലുള്ളത് മുഴുവനും തീർന്നു. അവിടന്ന് പറഞ്ഞു. എന്റെ കൈയിലുള്ള ധനം ഞാൻ നിങ്ങളിൽനിന്ന് തടഞ്ഞ് വയ്ക്കാറില്ല.

ഹസ്റത്ത് സഹ്ൽ (റ) പറയുന്നു: ഒരിക്കൽ നബി(സ)ന് വസ്ത്രം ആവശ്യമുണ്ടെന്ന് മനസ്സിലാക്കി ഒരു സ്വഹാബിയ മനോഹരമായ ഒരു ചാദുർ നെയ്ത് നബി(സ)യ്ക്ക് കാഴ്ച വച്ചു. അങ്ങയെ ധരിപ്പിക്കാൻ വേണ്ടി എന്റെ കൈകൊണ്ട് നെയ്തുണ്ടാക്കിയതാണിതെന്ന് പറഞ്ഞു. നബി(സ) ന് അതിന്റെ ആവശ്യവുമുണ്ടായിരുന്നു. അവിടന്ന് വീട്ടിനുള്ളിൽ പോയി. അങ്ങനെ അത് ധരിച്ചുകൊണ്ട് ഞങ്ങളുടെ അടുത്തേക്ക് വന്നു. ഒരു സ്വഹാബി പറഞ്ഞു. ഇത് എത്രമാത്രം ഭംഗിയുള്ള ചാദുറാണ്. അതങ്ങുന്ന് എന്നെ ധരിപ്പിച്ചാലും. നബി(സ) പറഞ്ഞു. അങ്ങനെ ചെയ്യാം. നബി(സ) ആ സദസ്സിലിരുന്നതിനുശേഷം വീട്ടിലേക്ക് തിരിച്ചുപോയി. എന്നിട്ട് വസ്ത്രം ചുരുക്കി മടക്കി അയാൾക്ക് കൊടുത്തയച്ചു. സ്വഹാബത്ത് പറഞ്ഞു. താങ്കൾ ചെയ്തത് നന്നായില്ല. അത്യാവശ്യമായതുകൊണ്ടല്ലേ നബി അത് ധരിച്ചത്? വല്ലതും ആവശ്യപ്പെട്ടാൽ നബിതിരുമേനി വെറും കൈയോടെ മടക്കിയയക്കുകയില്ലെന്ന് അറിഞ്ഞുകൊണ്ടാണല്ലോ താങ്കൾ അത് ചോദിച്ചത്. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ. ഞാനത് ധരിക്കാൻ വേണ്ടിയല്ല ആവശ്യപ്പെട്ടത്. എന്റെ കഫൻപുടവയായി ഉപയോഗിക്കാൻ വേണ്ടിയാണ് ഞാനത് ചോദിച്ചത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഒരിക്കൽ നബി(സ)യുടെ സന്നിധിയിൽ തൊണ്ണൂറായിരം ദർഹം സമർപ്പിക്കപ്പെട്ടു. അവിടന്ന് അതൊരു പായയിൽ വച്ചു. എന്നിട്ട് വിതരണം ചെയ്യാൻ തുടങ്ങി. വരുന്ന ഓരോരുത്തർക്കും ഓരോ യാചകർക്കും കൊടുത്തുകൊണ്ടിരുന്നു. ഒഴിഞ്ഞ കൈയോടെ പോകാൻ ആരെയും വിട്ടില്ല. ദർഹമെല്ലാം വിതരണം ചെയ്ത് കഴിഞ്ഞപ്പോൾ ഒരു യാചകൻ വന്നു. പണമെല്ലാം തീർന്നു കഴിഞ്ഞിരുന്നു. നബി പറഞ്ഞു. താങ്കൾ എന്റെ പേരിൽ താങ്കൾക്കാവശ്യമുള്ള സാധനം വാങ്ങിക്കൊള്ളുക. എന്തെങ്കിലും ചരക്ക് വന്നാൽ എന്റെ കൈയിൽ മിച്ചമുണ്ടെങ്കിൽ ഞാനത് വീട്ടിക്കൊള്ളാം. ഹസ്റത്ത് ഉമർ(റ) അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ! (സ). കഴിവില്ലാത്തത് ചെയ്യാൻ അല്ലാഹു അങ്ങയോട് കല്പിച്ചിട്ടില്ലല്ലോ. അങ്ങയുടെ കൈയിലില്ലെങ്കിൽ ഇല്ലെന്നു പറഞ്ഞാലും. നബിയ്ക്കത് ഇഷ്ടപ്പെട്ടില്ല. അതിനെ വളരെ മോശമായി കണ്ടു. അവിടെ ഒരു അൻസാരി ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അങ്ങ് ചെലവഴിച്ചുകൊണ്ടേയിരിക്കുക. അല്ലാഹുത

ആല അങ്ങയുടെ കൈ ഒരിക്കലും കുടുസ്സാക്കി വയ്ക്കുകയില്ല. ഇതുകേട്ട് നബി(സ) പുഞ്ചിരിച്ചു. നബിയുടെ മുഖത്ത് പ്രസന്നത തെളിഞ്ഞു. എന്നോട് കല്പിച്ചിട്ടുള്ളതും ഇതുതന്നെയാണെന്ന് അവിടന്ന് പറഞ്ഞു.

ഈ ദാനശീലം കാരണത്താൽ നബിയ്ക്ക് കടവും വന്നുകൂടിയിരുന്നു. പക്ഷെ, അവിടന്ന് അതൊന്നും ഗൗനിച്ചില്ല. ഈ കടത്തെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ഹസ്റത്ത് അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു. ഞാൻ ഹസ്റത്ത് ബിലാൽ (റ) നെ **ഹലമിൽ** വെച്ചുകണ്ടു. നബിയുടെ വരവുചെലവു കണക്കിനെ സംബന്ധിച്ച് ചോദിച്ചു. ഏതുരീതിയിലാണ് വരുമാനമുണ്ടായിരുന്നത്. എങ്ങനെയാണ് അത് ചെലവഴിച്ചിരുന്നതെന്ന്. അപ്പോൾ ബിലാൽ പറഞ്ഞു: നബി(സ)യുടെ വഫാത്ത് വരെ ഈ എല്ലാ ഏർപ്പാടുകളും അതായത് വരവുചെലവ് കണക്കുകളും മറ്റും ഞാൻ തന്നെയാണ് നോക്കിനടത്തിയിരുന്നത്. ഉടുക്കാൻ വസ്ത്രമില്ലാത്ത ഏതെങ്കിലും മുസ്ലിമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ആവശ്യമുള്ളയാളോ നബിയുടെയടുക്കൽ വന്നാൽ നബി(സ) എന്നോട് പറയുകയും ഞാനയാൾക്ക് വസ്ത്രം വാങ്ങിക്കൊടുക്കുകയും മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ ഭക്ഷണം ആവശ്യമുണ്ടാകും അല്ലെങ്കിൽ മറ്റെന്തെങ്കിലും. ചിലപ്പോൾ പണമുണ്ടാവുകയില്ല. അപ്പോൾ കടം വാങ്ങിയും ചെലവഴിച്ചിരുന്നു. ഒരു ദിവസം ധനവാനായ ഒരു ബിംബാരാധകൻ എന്നെകണ്ടു. അയാൾ പറഞ്ഞു: ബിലാലെ! എനിക്ക് കഴിവുണ്ട്. ആവശ്യമുള്ളപ്പോൾ മറ്റുള്ളവരിൽനിന്ന് കടം വാങ്ങുന്നതിനുപകരം എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. അങ്ങനെ ഞാൻ അയാളിൽനിന്ന് കടം വാങ്ങാൻ തുടങ്ങി. ഒരു ദിവസം ഞാൻ വുളു ചെയ്യുകയായിരുന്നു. ആ വ്യക്തി മറ്റ് ചില കച്ചവടക്കാരോടൊപ്പം എന്റെയടുക്കൽ വന്നു. വളരെ അഹങ്കാരത്തോടെ പറഞ്ഞു: ഏയ് ഹബ്ശീ! കടം വീട്ടാനുള്ള സമയം അടുത്തിരിക്കുന്നുവെന്ന് നിനക്കറിയാമല്ലോ? അതായത് കുറച്ച് ദിവസം ബാക്കിയുണ്ട്. ഞാൻ പറഞ്ഞു. അതെനിക്കറിയാം. അയാൾ, വളരെ കഠിനമായ ഭാഷയിൽ, കാലാവധിക്കുള്ളിൽ എന്റെ പണം തിരിച്ചുതന്നില്ലെങ്കിൽ നീ എനിക്കുവേണ്ടി പണി എടുക്കേണ്ടിവരും, എന്റെ ആടുകളെ മേയിക്കേണ്ടിവരും, എന്റെ അടിമയായിത്തീരുമെന്നൊക്കെ പറഞ്ഞു. ബിലാൽ പറയുന്നു. അയാളുടെ സംസാരം എന്റെ ഹൃദയത്തെ വല്ലാതെ വിഷമിപ്പിച്ചു. എനിക്കയാളുടെ സംസാരം ഇഷ്ടപ്പെട്ടില്ല. ഇശാ നമസ്കാരത്തിനുശേഷം നബി(സ)യുടെ സന്നിധിയിൽ ഞാൻ ഹാജരായി. ഞാൻ പറഞ്ഞു. ഇന്ന ബിംബാരധകനിൽനിന്ന് ഞാൻ ഇത്ര കടം വാങ്ങിയിരുന്നു. ജനങ്ങളുടെ ആവശ്യം നിറവേറ്റാനാണ് ഞാൻ വാങ്ങിയത്. അയാൾ വന്ന് എന്നെ ഒരുപാട് അനാവശ്യം പറഞ്ഞു. കടം വീട്ടാൻ എന്റെ കൈയിലോ അങ്ങയുടെ കൈയിലോ ഒന്നുമില്ല. കടംവീട്ടാനുള്ള ഏർപ്പാടുണ്ടാകുന്നതുവരെ ഏതെങ്കിലും മുസ്ലിം ഗോത്രത്തിലേക്ക് പോയാലോ എന്ന് ഞാൻ ചിന്തിക്കുകയാണ്. ഇത് പറഞ്ഞുകൊണ്ട് ഞാനെന്റെ വീട്ടിൽ വന്നു. പോകാനുള്ള ഒരുക്കങ്ങൾ നടത്തി. ചെരുപ്പും പരിചയുമൊക്കെ എടുത്തുവച്ചു. രാവിലെ പോകാനൊരുങ്ങിനില്ക്കുമ്പോൾ നബി(സ) വിളിക്കുന്നുവെന്ന് ഒരാൾ വന്നു പറഞ്ഞു. ഞാൻ നബിയുടെയടുക്കൽ വന്നു. സാധനങ്ങളേറ്റി നില്ക്കുന്ന നാല് ഒട്ടകങ്ങളെ ഞാനവിടെ കണ്ടു. ഞാൻ നബിയുടെ സന്നിധിയിൽ ഹാജരായി. പോകാൻ അനുവാദം ചോദിച്ചു. നബി(സ) എന്നെ കണ്ടപ്പോൾ പറഞ്ഞു. ബിലാലേ, സന്തോഷിക്കുക. അല്ലാഹുതആല താങ്കളുടെ കടം വീട്ടാനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നു. സാധനങ്ങളേറ്റി നില്ക്കുന്ന നാല് ഒട്ടകങ്ങളെ താങ്കൾ കണ്ടില്ലേ? ഞാൻ പറഞ്ഞു. കണ്ടു. നബി(സ) പറഞ്ഞു. ആ സാധനങ്ങളെല്ലാമെടുത്തുകൊള്ളുക. എല്ലാ കടവും വീട്ടുക. ഫദക്കിന്റെ നേതാവ് സമ്മാനമായി അയച്ചതാണിത്. ബിലാൽ പറയുന്നു. ഞാൻ നബി(സ) പറഞ്ഞതുപോലെ ചെയ്തു. തിരിച്ചുവന്നപ്പോൾ നബിതിരുമേനി പള്ളിയിലിരിക്കുകയായിരുന്നു. ചോദിച്ചു. ബിലാലേ, താങ്കളുടെ കൈയിലുണ്ടായിരുന്നതെന്തായി. ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ!. എല്ലാ കടവും വീട്ടിയിരിക്കുന്നു, ഇനിയൊരു കടവുമില്ല. നബി(സ) ചോദിച്ചു. എന്തെങ്കിലും സാധനം മിച്ചം വന്നിട്ടുണ്ടോ? ഞാൻ പറഞ്ഞു ഉണ്ട്. നബി പറഞ്ഞു. അതും ആവശ്യക്കാർക്ക് വിതരണം ചെയ്ത് കൊണ്ട് എന്റെ സമാധാനത്തിനും സന്തോഷത്തിനുമുള്ള അവസരം ഒരുക്കുക. ആ സാധനങ്ങൾ മുഴുവൻ വിതരണം ചെയ്ത് തീരുന്നതു വരെ ഞാൻ വീട്ടിൽ പോകുകയില്ല. ഇശാ നമസ്കാരത്തിനുശേഷം എന്തായി എന്ന് ബിലാലിനോട് നബി ചോദിച്ചു. ബിലാൽ പറഞ്ഞു. സാധനങ്ങൾ അവിടെ തന്നെയുണ്ട്. ആരും വാങ്ങാൻ വന്നിട്ടില്ല. നബി രാത്രി പള്ളിയിൽ കഴിച്ചുകൂട്ടി. രണ്ടാം ദിവസം ഇശാക്ക് ശേഷം വീണ്ടും ബിലാലിനോട് അതിനെക്കുറിച്ച് ചോദിച്ചു. ബിലാലേ സാധനം എന്തായി? ബിലാൽ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, അല്ലാഹു തആല അങ്ങയേ ഈ ചിന്തയിൽ നിന്ന് മോചിപ്പിച്ചിരിക്കുന്നു. അതായത് എല്ലാം വിതരണം ചെയ്ത് കഴിഞ്ഞിരിക്കുന്നു. അപ്പോൾ നബി(സ) അല്ലാഹു അക്ബർ എന്ന് പറയുകയും ശുക്ർ ചെയ്യുകയും എല്ലാ സാധനങ്ങളും വിതരണം ചെയ്തു എന്ന സമാധാനത്തോടെ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു.

ജനങ്ങൾക്കുവേണ്ടി നിസ്സാരമായ കടമല്ല അവിടന്ന് വാങ്ങിയത്. മറിച്ച് അതൊരുപാട് വർധിച്ചിരുന്നു. എത്രമാത്രമെന്നാൽ ഒട്ടകങ്ങളുടെ പുറത്ത്കൊണ്ടുവന്ന സാധനങ്ങൾ കൊണ്ടാണ് അത് വീട്ടിയത്. അതിൽ നിന്ന് അല്പം ബാക്കിയായപ്പോൾ, ബാക്കിയായി ഇനി എടുത്ത് വയ്ക്കാമെന്ന് കരുതുന്നില്ല. ഇനി ആരെങ്കിലും വന്നാൽ കൊടുക്കാമെന്നോ തന്റെ ആവശ്യത്തിന് ഉപയോഗിക്കാമെന്നോ വിചാരിക്കുന്നില്ല. പറഞ്ഞു അതും വിതരണം ചെയ്യാത്തി

ടത്തോളം ഞാൻ വീട്ടിൽ പോകുകയില്ല. അതു കൊണ്ട് ആവശ്യക്കാരെ കണ്ടെത്തുക, അവർക്കത് വിതരണം ചെയ്യുക.

ഹസ്റത്ത് ജുബൈർ ബിൻ മുത്അം (റ) നിവേദനം ചെയ്യുന്നു. ഹുനൈനിൽ നിന്നുള്ള മടക്ക യാത്രയിൽ കുറെ ഗ്രാമീണ അറബികൾ(ബദുക്കൾ) നബിയുടെ പിന്നാലെ കൂടി. അവർ വലിയ വാശി യോടെ ചോദിച്ചുകൊണ്ടിരുന്നു. അവർക്ക് കൊടു ക്കാൻ തുടങ്ങിയപ്പോൾ അവർ തിക്കും തിരക്കും കൂട്ടി. അപ്പോൾ, നബി(സ)ന് ഒരു മരച്ചുവട് ആശ്രയി ക്കേണ്ടി വന്നു. നബി(സ)യുടെ രണ്ടാംമുണ്ട് അവർ തട്ടിയെടുത്തു. അവിടന്ന് പറഞ്ഞു. എന്റെ മുണ്ട് എനിക്ക് മടക്കിത്തരിക. വൃക്ഷങ്ങൾ നിറഞ്ഞ ഒരു വനത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു. ഈ വിശാ ലമായ വനത്തോടത്ര നിഅ്മത്തുകൾ എന്റെ കൈയി ലുണ്ടെങ്കിലും അത് മുഴുവൻ നിങ്ങൾക്ക് വീതിച്ചു തരുന്നതിൽ ഞാൻ ആനന്ദം കൊള്ളും. പിന്നീട് നിങ്ങ ളെന്നെ പിശുക്കനോ കളവു പറയുന്നവനോ ഭീരുവോ ആയിക്കാണുന്നതല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ് (റ) പറയുന്നു. ഇസ്ലാമിന്റെ പേരിൽ നബിയോട് വല്ലതും ചോദിച്ചാൽ അവിടന്ന് അത് കൊടുക്കാതിരിക്കുകയില്ല. ഒരിക്കൽ നബിയുടെ അടുക്കൽ ഒരാൾ വന്നു. നബി അയാൾക്ക് രണ്ടു പർവതത്തിനിടയിലുള്ളത്ര ആടുകളെ സമ്മാനിച്ചു. ആടുകളുമായി അയാൾ തന്റെ ജനത്തിന്റെയടുക്കൽ വന്നിട്ട് പറഞ്ഞു. അല്ലയോ ജനങ്ങളെ. നിങ്ങൾ മുസ്ലിംകളായിക്കൊള്ളുക. മുഹമ്മദ് (സ) ദാരിദ്ര്യം ഭയപ്പെടാത്തവനെപ്പോലെ ധർമം ചെയ്യുന്നു.

മറ്റൊരു നിവേദനമാണ്. ജനങ്ങൾക്കിടയിൽ ഇങ്ങനെ നബി(സ) വിതരണം ചെയ്യുമ്പോൾ ഈ ഭൗതികലോകം സമ്പാദിക്കുന്നതിനുവേണ്ടി ജനങ്ങൾ ഇസ്ലാം സ്വീകരിക്കാറുണ്ടായിരുന്നു. പക്ഷെ, ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞാൽ അവർക്ക് ഭൗതിക സാധനങ്ങളെക്കാൾ ഇഷ്ടം ഇസ്ലാമിനോടായി ത്തീർന്നു. പിന്നീട് അവരും ത്യാഗങ്ങൾ വരിക്കാൻ തുടങ്ങി. ഹുനൈൻ യുദ്ധം ജയിച്ച ദിവസം നബി( സ) സഫ്വാന് നൂറു ഒട്ടകം നല്കി. വീണ്ടും നൂറ് ഒട്ടകം നല്കി. വീണ്ടും നൂറ് ഒട്ടകം നല്കി. അദ്ദേഹം പറയുന്നു. മുഹമ്മദിനോട് എനിക്ക് ഏറ്റവും വലിയ വെറുപ്പായിരുന്നു. പക്ഷെ, ഈ ഔദാര്യവും പാരി തോഷികവും എന്റെ വെറുപ്പിനെ സ്നേഹമാക്കി മാറ്റി.

ഹസ്റത്ത് അനസ് (റ) പറയുന്നു. ഞാൻ നബിയോടൊപ്പമുണ്ടായിരുന്നു. അവിടന്ന് അറ്റം പരു പരുത്തതായ ഒരു ചാദുറാണ് പുതച്ചിരുന്നത്. ഒരു ബദ്വി വന്ന് അത് ശക്തമായി പിടിച്ചു വലിച്ചു. നബി യുടെ കഴുത്തിൽ പാടുവീണു. പിന്നീട് അയാൾ പറ ഞ്ഞു. മുഹമ്മദേ! (സ). അല്ലാഹു നല്കിയ നിന്റെ കൈയിലുള്ള സാധനങ്ങൾ എന്റെ ഈ രണ്ട് ഒട്ടക ത്തിനുമേൽ കയറ്റുക. എനിക്കുതരുന്ന ഈ സാധന ങ്ങൾ നിന്റെയോ നിന്റെ ബാപ്പയുടെയോ അല്ല. അയാ ളുടെ സംസാരം കേട്ട് നബി(സ) മൗനം പാലിച്ചു. എന്നിട്ടു പറഞ്ഞു. ഈ സാധനങ്ങൾ അല്ലാഹുവി ന്റേതുതന്നെയാണ്. ഞാനവന്റെ ദാസനാണ്. എന്നിട്ടു പറഞ്ഞു. ഏ അഅ്റാബീ! നീ എന്നോട് ചെയ്ത തിന് അതായത് ചാദുർ പിടിച്ചു വലിച്ചതിന് നിന്നോട് പകരം ചോദിക്കുന്നതാണ്. ബദ്വി പറഞ്ഞു. അതെ ന്തായാലും ഉണ്ടാവില്ല. നബി ചോദിച്ചു. എന്തു കൊണ്ട്? അയാൾ പറഞ്ഞു, കാരണം അങ്ങ് ഒരി ക്കലും തിന്മക്കുള്ള പ്രതികാരം തിന്മ കൊണ്ട് ചെയ്യാ റില്ല. ഇത് കേട്ടപ്പോൾ നബി(സ) പുഞ്ചിരിച്ചു. അവി ടന്ന് പറഞ്ഞു. അയാളുടെ ഒരു ഒട്ടകത്തിന്റെ പുറത്ത് യവവും ഒന്നിന്റെ പുറത്ത് കാരക്കയും കയറ്റികൊ ടുക്കുക.

നോക്കുക, യാചകന്റെ ധാർഷ്ട്യവും ഗൗര വവും. പക്ഷെ നബി(സ) അയാൾക്ക് സാധനങ്ങൾ നിഷേധിക്കുന്നില്ല. പറഞ്ഞു നീ അവിവേകം കാണി ച്ചു. ചാദുർ പിടിച്ചു വലിച്ചു. അതിനുള്ള ശിക്ഷ നിനക്ക് കിട്ടും. ഇതും ഒരു പക്ഷെ തമാശയിൽ പറ ഞ്ഞതാകാം. പക്ഷെ, ആ ബദ്വി പറഞ്ഞ, അങ്ങ് തിന്മയ്ക്കുള്ള പ്രതികാരം തിന്മകൊണ്ട് കൊടുക്കാ റില്ലായെന്ന വചനം കേട്ട് അവിടന്ന് ക്ഷണത്തിൽ പുഞ്ചരിച്ചു. അവിടത്തെ ലോലമായ സ്വഭാവ ത്തിൽനിന്ന് ബദ്വികൾ ഇങ്ങനെയായിരുന്നു മുത ലെടുക്കാറുണ്ടായിരുന്നത്. ഏതെങ്കിലും ഭൗതിക നേതാക്കൾക്ക് എപ്പോഴെങ്കിലും ഇങ്ങനെ പ്രതികരി ക്കാൻ കഴിയുമോ?.

ഒരിക്കൽ നമസ്കാരത്തിന് ഇഖാമത്ത് കൊടു ക്കുമ്പോൾ ഒരു ബദ്വി വന്നു. അവിടത്തെ മുണ്ടിന്റെ അറ്റം പിടിച്ചുകൊണ്ട് പറഞ്ഞു. ഒരു ചെറിയ കാര്യം കൂടി എനിക്ക് ചെയ്ത് തരണം ഞാനത് മറന്നുപോ കാനിടയുണ്ട്. അതുകൊണ്ട് അതിപ്പോൾത്തന്നെ നിറ വേറ്റിത്തരിക. നബി അയാളോടൊപ്പം പോയി. അയാ ളുടെ ആവശ്യം സാധിച്ചുകൊടുത്തു വന്നിട്ട് നമസ്ക രിപ്പിച്ചു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേ ദനം ചെയ്യുന്നു. ഒരിക്കൽ നബി(സ)യുടെ കൈയിൽ പത്തു ദർഹമുണ്ടായിരുന്നു. ഒരു വസ്ത്ര കച്ചവട ക്കാരൻ വന്നു. നബി നാല് ദർഹം കൊടുത്ത് ഒരു കുപ്പായം വാങ്ങി. അയാൾ പോയിക്കഴിഞ്ഞപ്പോൾ നബിയത് ധരിച്ചു. പെട്ടെന്നൊരാൾ വന്നു, അല്ലാഹു വിന്റെ റസൂലേ എനിക്ക് കുപ്പായം തന്നാലും. അല്ലാഹു തആല സ്വർഗത്തിലെ വസ്ത്രങ്ങളിൽനിന്ന് അങ്ങയെ ധരിപ്പിക്കുന്നതാണ്. നബി ആ കുപ്പായം ഊരി അയാൾക്ക് കൊടുത്തു. പിന്നീട് വെറൊരു കുപ്പായം വാങ്ങി. നബിയുടെ കൈയിൽ രണ്ടു ദർഹം ബാക്കിയുണ്ടായിരുന്നു. അവിടന്ന് ഒരു അടിമ സ്ത്രീയെക്കണ്ടു. അവളിരുന്ന് കരയുകയായിരുന്നു. എന്തിനാണ് കരയുന്നതെന്ന് നബി ചോദിച്ചു. അല്ലാ ഹുവിന്റെ റസൂലേ, രണ്ടു ദർഹം തന്നിട്ട് എന്റെ ഉട മസ്ഥൻ എന്നെ ആട്ട വാങ്ങാൻ വിട്ടതാണ്. അതെ വിടെയോ വീണുപോയി. നബി ആ രണ്ടു ദർഹം അവൾക്ക് കൊടുത്തു. ആട്ട വാങ്ങാൻ പറഞ്ഞു.

എന്നിട്ടും അവൾ കരഞ്ഞുകൊണ്ടിരുന്നു. ഇനിയെന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ അവൾ പറഞ്ഞു. താമസിച്ച കാരണത്താൽ വീട്ടുകാർ എന്നെ ശിക്ഷിക്കുമോ എന്നോർത്താണ് കരയുന്നത്. നബി അവളോടൊപ്പം ആ വീട്ടിൽ പോയി. സലാം പറഞ്ഞു. വീണ്ടും സലാം പറഞ്ഞു. മൂന്നാമതും സലാം പറഞ്ഞു. അപ്പോൾ വീട്ടുകാർ മറുപടിയായി, വ അലൈക്കുമുസ്സലാം എന്ന് പറഞ്ഞു. നബി(സ) ചോദിച്ചു. ഞാനാദ്യം പറഞ്ഞ സലാം നിങ്ങൾ കേട്ടില്ലേ? കേട്ടിരുന്നുവെന്ന് അവർ പറഞ്ഞു. അങ്ങയുടെ സലാം കൂടുതൽ ഞങ്ങൾക്ക് ലഭിക്കട്ടേയെന്ന് ഞങ്ങൾ ആഗ്രഹിച്ചുപോയി. ഞങ്ങളുടെ ഉമ്മയും ബാപ്പയും അങ്ങയുടെ പദവിക്ക് മുമ്പിൽ ഞങ്ങൾക്ക് ഒന്നുമല്ല. നബി പറഞ്ഞു. ഈ അടിമ സ്ത്രീയെക്കണ്ടപ്പോൾ എനിക്ക് വിഷമം തോന്നി. നിങ്ങൾ അവളെ മർദിച്ചു കളയുമോ എന്ന് ഞാൻ ശങ്കിച്ചു. അതുകൊണ്ടാണ് ഞാനവളെ കൂട്ടിവന്നത്. ആ ഉടമ പറഞ്ഞു. അല്ലാഹുവിനുവേണ്ടി ഞങ്ങൾ ഇവളെ സ്വതന്ത്രയാക്കുന്നു. കാരണം, അങ്ങ് ഇവൾക്കുവേണ്ടിയാണിവിടെ വന്നത്. അപ്പോൾ അവർക്ക് സ്വർഗത്തെക്കുറിച്ച് സുവാർത്ത നല്കിക്കൊണ്ട് പറഞ്ഞു. നോക്കുക, പത്ത് ദർഹമിൽ അല്ലാഹു എത്രമാത്രം അനുഗ്രഹമാണ് ഇട്ടത്. തന്റെ നബിയ്ക്ക് കുപ്പായമണിയിച്ചു. അതു മുഖേന ഒരു അൻസാരിയെ കുപ്പായമണിയിച്ചു. ഒരു അടിമ സ്ത്രീയെ മോചിപ്പിക്കുകയും ചെയ്തു.

ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുത്തുകൊണ്ട് അവിടന്ന് സന്തോഷിക്കുമായിരുന്നു. ആ അടിമസ്ത്രീ സ്വതന്ത്രയായപ്പോൾ നബിയുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

ഹസ്റത്ത് അനസ് (റ) പറയുന്നു. നബിയുടെ സന്നിധിയിൽ ബഹറൈനിൽ നിന്നുള്ള ചരക്ക് വന്നു. പള്ളിയിൽ അത് കൂട്ടിയിടാൻ നബി(സ) പറഞ്ഞു. നബി(സ)യുടെ ജീവിതത്തിൽ കൊണ്ടുവരപ്പെട്ട ഏറ്റവുമധികമായ ചരക്കായിരുന്നു അത്. പിന്നീട് നബി(സ) നമസ്കാരത്തിനായി പള്ളിയിൽ വന്നു. പക്ഷെ, ചരക്കുകളിലേക്ക് ദൃഷ്ടി ഉയർത്തി നോക്കിയതുപോലുമില്ല. നമസ്കാരം കഴിഞ്ഞപ്പോൾ ആ ചരക്കുകളെല്ലാം വിതരണം ചെയ്തു. ഒരു ദർഹം പോലും മിച്ചമായില്ല. എന്തെങ്കിലും കിട്ടാത്തവരായി ആരും തന്നെ ഉണ്ടായിരുന്നുമില്ല.

ഹസ്റത്ത് അബൂഹുറയ്റ (റ) പറയുന്നു. ഒരു ബദ്‌വി ഒരിക്കൽ നബിയുടെയടുക്കൽ തന്റെ ആവശ്യങ്ങൾ പറഞ്ഞു. നബി(സ) അവിടെ ഉണ്ടായിരുന്നത് അയാൾക്ക് കൊടുത്തു. അപ്പോൾ അയാൾ എന്റെ ആവശ്യം പൂർത്തിയാകുന്നില്ല എന്നു പറഞ്ഞ് വല്ലാതെ കോപിച്ചു. നബിയുടെ മുമ്പിൽ അപമര്യാദയോടെ സംസാരിച്ചു. സ്വഹാബത്തിന് സഹിച്ചില്ല. അവർ രണ്ടുകൊടുക്കാൻ മുന്നോട്ടാഞ്ഞു. നബി(സ) അവരെ തടഞ്ഞു. ആ ബദ്‌വിയെ നബി(സ) തന്റെ വീട്ടിൽ കൊണ്ടുപോയി. ഭക്ഷണം കൊടുത്തു. വീണ്ടും സാധനങ്ങൾ കൊടുത്തു. നബി(സ) ചോദിച്ചു. ഇപ്പോൾ തൃപ്തിയായോ. സന്തോഷത്തോടെ അയാൾ പറഞ്ഞു, ഞാൻ മാത്രമല്ല എന്റെ ഗോത്രക്കാരും ഇതിൽ സന്തോഷിക്കും. നബി(സ) അയാളോടു പറഞ്ഞു: എന്റെ സ്വഹാബത്തിന്റെയടുക്കൽ പോയി ഇക്കാര്യം പറയുക. കാരണം താങ്കൾ അവരുടെ മുമ്പിൽ വച്ച് എന്നോടു കഠിനമായി സംസാരിച്ചതിനാൽ അവരുടെ ഹൃദയത്തിന് മുറിവേറ്റിരിക്കുകയാണ്. സ്വഹാബത്തിന്റെ മുമ്പിലും അയാൾ ഇങ്ങനെ പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: വിറളി പിടിച്ച തന്റെ ഒട്ടകത്തെ മെരുക്കിയെടുക്കുന്ന ഒട്ടകക്കാരനെപ്പോലെ ഞാൻ. ഞാനും കഠിനസ്വഭാവികളായ ആളുകളെ സ്നേഹം കൊണ്ടു മെരുക്കിയെടുക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) ജനങ്ങളിൽ കുറച്ചു വസ്ത്രങ്ങൾ വിതരണം ചെയ്തു. മദീനയിൽ അന്ധനായ ഒരു സ്വഹാബി മഖ്റമ(റ) ഉണ്ടായിരുന്നു. അദ്ദേഹം തന്റെ മകനേയും കൂട്ടി നബി(സ)യുടെയടുക്കൽ വന്നു. തന്റെ മകനെ വീട്ടിലേക്ക് വിട്ട് താൻ വെളിയിൽ നില്ക്കുന്നുവെന്ന് പറയാൻ പറഞ്ഞു. മഖ്റമ വന്നുവെന്ന് നബി(സ) അറിഞ്ഞപ്പോൾ അവിടന്ന് വെളിയിൽ വന്നു. നബിയുടെ കൈയിൽ ഒരു കുപ്പായം ഉണ്ടായിരുന്നു. മഖ്റമയോടു പറഞ്ഞു. മഖ്റമാ! ഞാൻ താങ്കൾക്കുവേണ്ടി ആദ്യമേതന്നെ ഒരു കുപ്പായം എടുത്തുവച്ചിരുന്നു.

നോക്കുക, ദരിദ്രനും അന്ധനുമായ സ്വഹാബിയെ നബി(സ) മറന്നില്ല. പലജോലികൾ ഉണ്ടായിട്ടും അവിടന്ന് അദ്ദേഹത്തെ മറന്നുപോകാതെ അദ്ദേഹത്തിനു വേണ്ടി വിഹിതം എടുത്തുവച്ചു. അയാൾ വരുമെന്നും, കൊടുക്കണമെന്നും നബി(സ)ന് അറിയാമായിരുന്നു.

ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഹദ്‌യ അഥവാ പാരിതോഷികം സ്വീകരിക്കുകയും അതിനു പകരം കൊടുക്കുകയും ചെയ്യുമായിരുന്നു. കിട്ടിയതിനെക്കാൾ കൂടുതലാണ് തിരിച്ചുകൊടുത്തിരുന്നത്.

മക്ക വിജയത്തിന്റെ അവസരത്തിൽ നടന്ന സംഭവങ്ങൾ നിവേദനങ്ങളിൽ വന്നിരിക്കുന്നു. ഗോത്രങ്ങൾ സംഘം സംഘമായി വരാൻ തുടങ്ങി. അവർ നബിയ്ക്ക് സമ്മാനവുമായിട്ടാണ് വന്നിരുന്നത്. അവിടന്ന് അതനെക്കാളേറെ തിരിച്ചും സമ്മാനങ്ങൾ നല്കുമായിരുന്നു.

ഹസ്റത്ത് റബീഅ ബിൻത് മുഅവ്വദ് (റ) പറയുന്നു. എന്നോട് എന്റെ പിതാവ് മുഅവ്വദ് ബിൻ അഫ്റാ പുതിയ കാരക്ക നിറച്ച ഒരു പ്ലേറ്റും കക്കരിക്കായും തന്നുകൊണ്ട് അത് നബി(സ)യുടെ വീട്ടിൽ സമ്മാനമായിട്ട് കൊണ്ടു കൊടുക്കാൻ പറഞ്ഞു. ഞാൻ നബിയുടെയടുക്കൽ വന്നു. ചെറിയ കക്കരി നബി(സ)ന് വളരെ ഇഷ്ടമായിരുന്നു. അക്കാലത്ത് ബഹ്റൈനിൽനിന്ന് കുറച്ച് ആഭരണങ്ങൾ നബിയുടെ അടുക്കൽ കൊണ്ടുവന്നു. നബി തനിയ്ക്കുള്ള സമ്മാനം സ്വീകരിച്ചുകൊണ്ട് ഒരുപിടി ആഭരണം എനിയ്ക്ക് നല്കി. ഇതണിഞ്ഞുകൊള്ളുകയെന്ന് പറ

യുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ ഇരു കൈയും നിറയെ സ്വർണ്ണാഭരണങ്ങൾ നല്കിയെന്നും വന്നിട്ടുണ്ട്.

ഇതായിരുന്നു നബി(സ)യുടെ ദാനധർമത്തിന്റെ രീതി. കാരയ്ക്കക്കും കക്കരിയ്ക്കും പകരം സ്വർണാഭരണം സമ്മാനിക്കുന്നു. തനിയ്ക്കു നല്കിയ സമ്മാനത്തിനുപകരം വേറെന്തെങ്കിലും കൊടുക്കാം എന്ന ചിന്തയുണ്ടായില്ല. സ്വർണാഭരണം തന്നെ നല്കി.

ഈ ദാനധർമത്തിന്റെ ഉദാഹരണം നബിയുടെ ജീവിതത്തിലല്ലാതെ മറ്റെവിടെയാണ് കാണാൻ കഴിയുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് മുഹമ്മദ് ബിൻ ഹസീൻ ബിൻ സവാതന്റെ പിതാമഹിയിൽനിന്ന് നിവേദനം ചെയ്യുന്നു. ഒരിക്കൽ നബിതിരുമേനിയ്ക്ക് വേണ്ടി സമ്മാനം കൊണ്ടുവന്നു. പരിശുദ്ധ ഭാര്യമാർ അതു സ്വീകരിച്ചില്ല. (എന്തെങ്കിലും കാരണം അപ്പോൾ ഉണ്ടായിരിക്കും.) എന്തായാലും നബിതിരുമേനി ഇതറിഞ്ഞപ്പോൾ അതു വാങ്ങാൻ കല്പിച്ചു. അങ്ങനെ അവരത് വാങ്ങി വച്ചു. നബി(സ) ഇതിനു പകരമായി ഒരു വലിയ സ്ഥലം ദാനമായി നല്കുകയും ചെയ്തു.

തന്റെ ബന്ധുക്കളുമായി ബന്ധമുള്ളവരെയും നബിതിരുമേനി പ്രത്യേകം ഗൗനിക്കുമായിരുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനിയ്ക്ക് എന്തെങ്കിലും സമ്മാനം ലഭിച്ചാൽ ഇന്ന സ്ത്രീയ്ക്ക് അത് കൊടുത്തുവരിക. കാരണം അവർ ഹസ്റത്ത് ഖദീജ(റ) ന്റെ കൂട്ടുകാരിയായിരുന്നു. ഇന്ന സ്ത്രീയ്ക്കും കൊടുത്തുവരിക. കാരണം അവർ ഖദീജയെ സ്നേഹിച്ചിരുന്നു എന്നുപറയുമായിരുന്നു.

എന്തെങ്കിലും ലഭിച്ചു കഴിഞ്ഞാൽ അത് ജനങ്ങളിൽ വിതരണം ചെയ്യുന്നതിനായി അവിടന്ന് മാർഗങ്ങൾ തിരയുമായിരുന്നു. നിവേദനങ്ങളിൽ വന്നിരിക്കുന്നു. ചിലപ്പോൾ നബി(സ) ഒരാളിൽനിന്ന് ഒരു സാധനം വാങ്ങുകയും അതിന്റെ വില കൊടുത്തതിനുശേഷം അത് അയാൾക്കുതന്നെ മടക്കി കൊടുക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ നബി(സ) ഹസ്റത്ത് ഉമറിൽനിന്ന് ഒരൊട്ടകത്തെ വാങ്ങി. അപ്പോൾതന്നെ അത് സമ്മാനമായിട്ട് അബ്ദുല്ലാഹിബ്നു ഉമറിന് നല്കുകയും ചെയ്തു.

ഹസ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ യുദ്ധം കഴിഞ്ഞ് ഞാൻ നബിയോടൊപ്പം വരികയായിരുന്നു. വീട്ടുകാരെ കാണാൻ ആർക്കെങ്കിലും ധൃതിയുണ്ടെങ്കിൽ അവർക്ക് പെട്ടെന്ന് പോകാമെന്ന് നബിതിരുമേനി പറഞ്ഞു. ഹസ്റത്ത് ജാബിർ പറയുന്നു. ഇതുകേട്ടുകൊണ്ട് ഞങ്ങൾ പെട്ടെന്ന് മുന്നോട്ടു കുതിച്ചു. എല്ലാ ഒട്ടകത്തെയും പിന്നിലാക്കി ഞാൻ മുന്നിലെത്തി. പെട്ടെന്ന് എന്റെ ഒട്ടകം ഓട്ടം നിറുത്തി നിന്നു കളഞ്ഞു. നബിതിരുമേനി എന്റെ അടുത്തുവന്നു. നിന്റെ ഒട്ടകത്തെ നല്ലവണ്ണം പിടിച്ചുകൊള്ളുക എന്നു പറഞ്ഞുകൊണ്ട് അതിനെ കാലുകൊണ്ടൊന്ന് തട്ടിയപ്പോൾ അതോടാൻ തുടങ്ങി. അത് മറ്റുള്ളവരെ കവച്ചുവെച്ചു. നീ നിന്റെ ഒട്ടകത്തെ വില്ക്കുന്നുവോ എന്ന് നബിതിരുമേനി എന്നോടു ചോദിച്ചു. വില്ക്കുന്നുവെന്ന് ഞാൻ പറഞ്ഞു. ജാബിർ പറയുന്നു. മദീനയിൽ എത്തിയപ്പോൾ നബി(സ) സ്വഹാബത്തിനോടൊപ്പം പള്ളിയിലേക്ക് പോയി. ഞാൻ നബിയുടെയടുക്കലെത്തി. ഒട്ടകത്തെ കെട്ടിയിട്ടു. അങ്ങയുടെ ഒട്ടകത്തെ കൊണ്ടു വന്നിരിക്കുന്നുവെന്ന് ഞാൻ നബിതിരുമേനിയോടു പറഞ്ഞു. അവിടന്ന് വെളിയിൽവന്ന് ഒട്ടകത്തെ നോക്കിക്കൊണ്ട് പറഞ്ഞു. ഇതു നമ്മുടെ ഒട്ടകമാണ്. വെറൊരാൾ മുഖേന അതിന്റെ വില എനിയ്ക്കെത്തിച്ചു. ഒരുപാട് ഔഖിയാക്കുള്ള സ്വർണമുണ്ടായിരുന്നു അത്. തുക കിട്ടിയോ എന്ന് നബിതിരുമേനി എന്നോടു ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, കിട്ടി എന്ന് ഞാൻ മറുപടി നല്കി. അപ്പോൾ നബിതിരുമേനി പറഞ്ഞു. ഈ സ്വർണവും ഈ ഒട്ടകവും നിന്റേതുതന്നെയാണ്.

ഭൗതിക വസ്തുക്കൾക്ക് നബി തിരുമേനിയുടെ മുന്നിൽ ഒരു മഹത്വവുമുണ്ടായിരുന്നില്ല. എന്തു ചരക്കുവന്നാലും വിതരണം ചെയ്യണമെന്നായിരുന്നു അവിടത്തെ ആഗ്രഹം. ഹസ്റത്ത് അബൂദർ(റ) പറയുന്നു: ഒരിക്കൽ ഞാൻ നബിയോടൊപ്പം മദീനയിൽ പോകുകയായിരുന്നു. മുന്നിൽ ഉഹ്ദ്മല കണ്ടു. അപ്പോൾ നബിതിരുമേനി പറഞ്ഞു: എന്റെ അടുത്ത് ഉഹ്ദ്മലയോളം സ്വർണ്ണം കിട്ടിയാലും മൂന്നാം ദിവസം ഉദിച്ചുയുരുന്നതിനു മുമ്പേ അത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നത് എനിക്ക് വളരെ സന്തോഷമായിരിക്കും. ഒരു ദിനാർ പോലും ഞാനെടുത്തുവെക്കുകയില്ല; കടം വീട്ടാൻ വെയ്ക്കുന്നതൊഴികെ. എല്ലാധനവും ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതാണ്. മുമ്പും പിമ്പും ഇടവും വലവും ചൂണ്ടിക്കൊണ്ട് പറഞ്ഞു: ഇങ്ങനെ ഞാൻ എല്ലാം കൊടുത്തു തീർക്കുന്നതാണ്. എന്നിട്ടു പറഞ്ഞു: ആരാണോ കൂടുതൽ സമ്പന്നർ, ഖിയാമത്തുന്നാൾ അവർ നഷ്ടത്തിലായിരിക്കും; ഇങ്ങനെ ഇടവും വലവും മുമ്പും പിമ്പും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവരൊഴികെ. എന്നാൽ, അത്തരക്കാർ വളരെ വളരെ കുറവാണ്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: “ദാനം കൊടുക്കുന്നവൻ അല്ലാഹുവിന്റെ അടുത്താകുന്നു. സ്വർഗ്ഗത്തിന്റെയും അടുത്താകുന്നു. ജനങ്ങളുടേയും അടുത്താകുന്നു. നരകത്തിൽനിന്ന് അകലത്താകുന്നു. എന്നാൽ, പിശുക്കൻ അല്ലാഹുവിൽ നിന്ന് ദൂരത്താകുന്നു. ജനങ്ങളിൽ നിന്ന് ദൂരത്താകുന്നു. നരകത്തിനോട് അടുത്താകുന്നു. ധാനധർമ്മം കൊടുക്കുന്ന ജാഹിൽ അഥവാ അവിശ്വാസി ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്ന പിശുക്കനെ അപേക്ഷിച്ച് അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടവനാണ്”. ജാഹിൽ ദാനധർമ്മങ്ങൾ ചെയ്യുന്നവനാണെങ്കിൽ അയാൾ വലിയ

ആരാധനാകർമ്മങ്ങളൊക്കെചെയ്യുന്ന പിശുക്കനെക്കാൾ അല്ലാഹുവിന് പ്രിയങ്കരനായിരിക്കും.

ഈ പാഠങ്ങളനുസരിച്ചാണ് നബി തിരുമേനി തന്റെ ജീവിതം മുഴുവനും പ്രവർത്തിച്ചത്. അവിടത്തെ ദാനധർമ്മങ്ങളെ സംബന്ധിച്ച് ഒരുപാട് സംഭവങ്ങൾ ഇനിയും പറയാനുണ്ട്. പക്ഷെ, മുഴുവനും വിവരിക്കാൻ സാധ്യമല്ല.

ഹസ്റത്ത് മസീഹ്മൗഊദ്(അ) പറയുന്നു: നബിതിരുമേനിയുടെ ഉൽകൃഷ്ടമായ ധാർമ്മിക ഗുണങ്ങൾ നൂറുക്കണക്കിന് സന്ദർഭങ്ങളിൽ നല്ലവണ്ണം പുറത്തുവന്നതാണ്. ആ മഹാത്മാവിന്റെ സത്യത സൂര്യനെപ്പോലെ പ്രകാശിച്ചു. മഹാമനസ്കതയും ദാനധർമ്മവും ഔദാര്യവും ത്യാഗ മനോഭാവവും കണക്കറ്റ വിജയങ്ങളും ധൈര്യവും സ്വാത്മപരിത്യാഗവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും ഭൗതീകതയോടുള്ള വിരക്തിയും തുടങ്ങി എല്ലാ ധാർമ്മിക ഗുണങ്ങളും പരിശുദ്ധനായ നബിതിരുമേനിയിൽ ഒരുപോലെ പ്രകാശിക്കുന്നതും തികവുറ്റനിലയിൽ തിളങ്ങുന്നതുമായിരുന്നു. അതിനുമുമ്പിൽ ഈസാമസീഹ് എന്നല്ല, ഈ എല്ലാവിധ ഉൽകൃഷ്ട ഗുണങ്ങളും കേന്ദ്രീകരിച്ച ഇത്ര മാത്രം ശോഭയോടെ വിളങ്ങുന്ന ഒരു നബി, നബിതിരുമേനിക്കുമുമ്പേ ഒരിക്കലും കഴിഞ്ഞു കടന്നിട്ടില്ല. ഭൗതീക കാര്യങ്ങളോട് നബിതിരുമേനിക്ക് ഒരു മമതയും ഉണ്ടായിരുന്നില്ല കാരണം അല്ലാഹു തആല എണ്ണമറ്റ ഖജനാവുകളു ടെ കവാടങ്ങൾ നബിതിരുമേനിക്കു തുറന്നുകൊടു ത്തു. അതെല്ലാം അവിടന്ന് അല്ലാഹു വിന്റെ മാർഗ്ഗ ത്തിൽ ചെലവഴിച്ചു. തനിക്കായി ഒന്നും ബാക്കിവെച്ചില്ല. ഒരു കെട്ടിടമോ, അരമനയോ നിർമ്മി ച്ചില്ല. ദരിദ്രരായ ആളുകൾ പാർക്കുന്ന കുടിലുകളേ ക്കാൾ ഒട്ടും മികച്ചതല്ലാത്ത ഒരു ചെറ്റകുടിലിൽ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടി. തിന്മപ്രവർത്തി ക്കുന്നവരോട് നന്മ ചെയ്തു. തന്നെ ശല്യം ചെയ്യുന്ന വർക്ക് വഷമങ്ങളുണ്ടാകുമ്പോൾ അതകറ്റി അവരെ സന്തോഷിപ്പിച്ചു. ഉറങ്ങാൻ തറയിൽ ഒരു വിരിപ്പ്. താമസിക്കാൻ ചെറിയൊരുകുടിൽ. ഭക്ഷിക്കാൻ യവത്തിന്റെ റൊട്ടി. ഇല്ലെങ്കിൽ പട്ടിണി. ഭൗതീക സ്വത്ത് നബിതിരുമേനിക്ക് ധാരാളമായി അല്ലാഹു നൽകി. പക്ഷെ ആ പരിശുദ്ധ കരങ്ങളിൽ ഭൗതീകതയുടെ ചേറ് അൽപ്പം പോലും പുരണ്ടില്ല. എപ്പോഴും സംസ്ക്കാരത്തിനുമേൽ അഭിമാനവും സമ്പത്തിനുമേൽ ദാരിദ്ര്യവും കൈവശം വെച്ചു. ജനിച്ച നാൾ മുതൽ റഫീഖുൽ അഅ്ലായെ അഥവാ അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ അല്ലാഹുവിനെ അല്ലാതെ മറ്റൊന്നിനേയും ഒരു വസ്തുവായും കണ്ടില്ല.

പറഞ്ഞു: മഹത്തായ ധാർമ്മിക ഗുണങ്ങളായ ഔദാര്യവും ദാനധർമ്മവും സ്വാത്മ പരിത്യാഗവും ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും പുരുഷത്വവും ധീരതയും ദൈവത്തോടുള്ള സ്നേഹവുമെല്ലാം ഔദാര്യമുടയവനായ അല്ലാഹു ഹസ്റത്ത് ഖാത്തമുൽ അമ്പിയായിൽ പ്രകടമാക്കി. എത്രത്തോളമെന്നാൽ അതിന്റെ ഉദാഹരണം ലോകത്ത് ഒരിക്കലുമുണ്ടായിട്ടില്ല. ഇനിയൊട്ട് ഉണ്ടാകുകയുമില്ല.

വീണ്ടും അവിടന്ന് പറയുന്നു: സമ്പത്തിനെ ഉള്ളഴിഞ്ഞു സ്നേഹിക്കരുത്. അതിനോട് പ്രിയമുള്ളവരുമാകരുത്. ധനാഢ്യത്വത്തിൽ പിശുക്കും ലുബ്ധും സ്വീകരിക്കരുത്. ഉദാരതയുടേയും, ദാനധർമ്മങ്ങളുടേയും പൊറുക്കലിന്റെയും കവാടം തുറന്നിടുക. ഭരണത്തെ അക്രമവും കൈയ്യേറ്റവുമാക്കരുത്. സമ്പന്നനും അധികാരമുള്ളവനുമായെങ്കിൽ മാത്രമേ ഈ എല്ലാസ്വഭാവങ്ങളും തെളിവായി എടുത്തുദ്ധരിക്കാൻ പറ്റുകയുള്ളു.

പറയുന്നു: ഈ കാര്യത്തിൽ ഒന്നാമത്തെ ചുവട് ഹസ്റത്ത് ഖാത്തമുർറുസുൽ മുഹമ്മദ് മുസ്തഫാ(സ) ന്റേതാണ്. കാരണം നബിതിരുമേനിയുടെ മേൽ തികവാർന്ന നിലയിൽ ഈ രണ്ടവസ്ഥകളും (സമ്പത്തും, അധികാരവും) വന്നുചേർന്നു. അതെത്രമാത്രം ക്രമപ്രകാരമാണ് വന്നതെന്നു വെച്ചാൽ അതുമുഖേന നബിതിരുമേനി യുടെ എല്ലാ മഹത്തായ ധാർമ്മിക ഗുണങ്ങളും സൂര്യനെപ്പോലെ വളങ്ങി. **ഇന്നക്ക ല അലാ ഖുലുഖിൻ അളീം** നിശ്ചയം, നീ മഹത്തായ ധാർമ്മിക ഗുണങ്ങളിൽ നിലകൊള്ളുന്നു എന്ന വിഷയം തെളിവ് എന്ന നിലയിൽ അതിന്റെ പാരമ്യതയിലെത്തി. നബി തിരുമേനിയുടെ ഉൽകൃഷ്ട ഗുണങ്ങൾ ഇരുരീതിയിലും തികവാർന്ന നിലയിൽ സ്ഥാപിതമായി. അത് എല്ലാ നബിമാരുടേയും ഉൽകൃഷ്ട ഗുണങ്ങളെ സ്ഥാപിക്കുകയും ചെയ്തു. നബി തിരുമേനി അവരുടെ എല്ലാം പ്രവാചകത്വത്തേയും അവരുടെ ഗ്രന്ഥങ്ങളേയും സാക്ഷ്യപ്പെടുത്തി. അതെല്ലാം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വെളിപ്പെടുത്തുകയും ചെയ്തു.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**18 - 03 - 2005**
**at**
**Baithul Futuh, London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**